
# അഗാപെ കൈയ്യെഴുത്തു മാസിക

VOLUME 6

agape



*"For God so loved the world, that he gave his only Son, that whoever believes in him should not perish but have eternal life."*
***John 3:16***

follow us:

+971 50 3243161 Gmail agape.magasine@gmail.com http://www.facebook.com/pages/Agape-Magasine

# CONTENTS

1. INDEX
2. LIFT UP YOUR EYES TO OUR LORD, JESUS CHRIST
3. ACTS OF THE APOSTLES – A STUDY
4. THE CHOSEN VESSEL
5. STORY- BLESSED LAMB
6. QUIZ


COVER PAGE DESIGN BY JUDIT JAMES , ABUDHABI

## മുഖവുര

ക്രിസ്തീയ ജീവിതം വളരെ ശ്രേഷ്ഠമായ ഒന്നാണ്. വാതിൽ ഇടുക്കവും വഴി ഞെരുക്കവുമുള്ളതാണ്. അതിൽ കൂടി കടന്ന് ലക്ഷ്യസ്ഥാനത്ത് എത്തുന്നവർ ചുരുക്കവുമാണെന്ന് യേശു കർത്താവ് പറയുന്നു. വളരെ ആഗ്രഹിക്കാതെ ഏതെങ്കിലും പാപത്തിലും അകപ്പെടുമെന്ന ചിന്തയിലായിരിക്കും ഓരോ ദിവസവും നാം നമ്മുടെ നിത്യേനയുള്ള പ്രവൃത്തികളിൽ ഏർപ്പെടുന്നത്. എന്നാൽ പലവിധ അസ്വസ്ഥതകളും നമ്മെ പിടിച്ചു കുലുക്കി പലപ്പോഴും നമ്മുടെ ജീവിതത്തെ താറുമാറാക്കുന്നതായി കാണാം.

പൗലോസ് അപ്പോസ്തലൻ റോമ ലേഖനത്തിൽ പറയുന്ന പോലെ "അയ്യോ, ഞാൻ അരിഷ്ടമനുഷ്യൻ! ഈ മരണത്തിന് അധീനമായ ശരീരത്തിൽ നിന്നു എന്നെ ആർ വിടുവിക്കും?" എന്നു കരയുന്ന അവസരങ്ങൾ നമുക്കു പലപ്പോഴും ഉണ്ടാകാം.

പിതാവിനോട് ഞാൻ ഏറ്റിടാൻ പോകുന്ന കഷ്ടങ്ങൾക്കു വേണ്ടി അതിവേദനയോടെ പ്രാർത്ഥിക്കുന്ന യേശു തിരിഞ്ഞ് ശിഷ്യന്മാരോടു പറയുന്നു പരീക്ഷയിൽ അകപ്പെടാതിരിക്കുവാൻ ഉണർന്ന് പ്രാർത്ഥിപ്പിൻ. നമ്മുടെ ചുറ്റുപാടിൽ അസ്വസ്ഥതപ്പെടുത്തുന്ന പല കാര്യങ്ങളും കാണും. എന്നാൽ ആത്മീകമായി നാം എല്ലാ പരിശുദ്ധിയിലും സംതൃപ്തി ഉള്ളവരായിരിക്കണം. ആത്മാവിനെ അനുസരിച്ച് നടന്ന് ആത്മാവിന്റെ ഫലങ്ങൾ പുറപ്പെടുവിക്കുന്നവരായി തീരുവാൻ നമുക്കും ഉണർന്ന് പ്രാർത്ഥിക്കാം. അങ്ങനെയായാൽ നമുക്കും പൗലോസ് അപ്പോസ്തലനോടു ചേർന്ന് പറയുവാൻ സാധിക്കും "നാമോ നമ്മെ സ്നേഹിച്ചവൻ മുഖാന്തിരം ഇതിൽ ഒക്കെയും പൂർണ്ണജയം പ്രാപിക്കുന്നു" എന്ന്. [റോമ. 8:37]


അഗാപെ കൈയ്യെഴുത്തു മാസിക
LIFT UP YOUR EYES TO OUR LORD, JESUS CHRIST
Article- By RINU ZECHARIAH, KUMBAZHA
Email id: agape.magasine .com

# അഗാപെ കൈയ്യെഴുത്തു മാസിക

ക്രിസ്ത്യാനി ഒരു ക്രിസ്തുവിനെ! ലേഖനം: റീന ജോർജ്.

"ഹാ ബുദ്ധിയില്ലാത്ത ഗലാത്യരെ യേശുക്രിസ്തു ക്രൂശിക്കപ്പെട്ടവനായി നിങ്ങളുടെ മുമ്പിൽ വരച്ചു കാട്ടിയിരിക്കെ നിങ്ങളെ ക്ഷുദ്രം ചെയ്തു മയക്കിയത് ആര്? [ഗലാത്യർ 3:1] പൗലോസ് അപ്പോസ്തലൻ ഗലാത്യരോട് മാത്രമല്ല നമ്മോരോരുത്തരോടും ആണ് ഈ ചോദ്യം ചോദിക്കുന്നത്. ഏകദേശം 2000 വർഷങ്ങൾക്ക് മുമ്പ് ഗോൽഗോത്താ മലയിൽ പിതാവിനോട് സമനായിരുന്ന മനുഷ്യപുത്രൻ പാപികളായ നമുക്കു വേണ്ടി ക്രൂശിക്കപ്പെട്ടു.

തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചു പോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. [യോഹന്നാൻ 3:16] പിതാവായ ദൈവത്തിന്റെ മനുഷ്യവർഗ്ഗത്തോടുള്ള സ്നേഹസാക്ഷാത്കാരമാണ് യേശു. ഏകപുത്രനായ യേശു തന്റെ സകല മഹത്വവും ഉപേക്ഷിച്ചിട്ട് ദാസന്റെ രൂപം സ്വീകരിച്ച് കാലിത്തൊഴുത്തിൽ പിറന്നു. പാപം ഒഴികെ സർവ്വത്തിലും നമുക്ക് തുല്യമായി പരീക്ഷിക്കപ്പെട്ടു. ഒടുവിൽ ഗത്സമന തോട്ടത്തിൽ താൻ ക്രൂശിൽ വഹിക്കുവാൻ പോകുന്ന ഭാരത്തെ ഓർത്ത് പ്രാർത്ഥിച്ചു തന്റെ പിതാവിന്റെ ഇഷ്ടത്തിന് തന്നെത്താൻ ഏൽപ്പിച്ചു കൊടുക്കുന്നു.

യേശു പാപികളായ മനുഷ്യവർഗ്ഗത്തിനു വേണ്ടി ക്രൂശിൽ തറക്കപ്പെട്ടു. പഴയനിയമത്തിൽ കുഞ്ഞാടിനെയോ, കുറുപ്രാവിനെയോ രക്ത ചൊരിച്ചിൽ പാപത്തിന്റെ മോചനം ലഭിക്കുമായിരുന്നെങ്കിൽ ആ നിയമത്തെ മാറ്റിവച്ചു യേശു തന്റെ ശരീരം അപ്പമായും തന്റെ രക്തം പാനീയമായും നമുക്ക് തന്നു. "എന്നാൽ അവൻ നമ്മുടെ അതിക്രമങ്ങൾ നിമിത്തം മുറിവേറ്റും നമ്മുടെ അകൃത്യം നിമിത്തം തകർന്നും ഇരിക്കുന്നു. നമ്മുടെ സമാധാനത്തിന് വേണ്ടിയുള്ള ശിക്ഷ അവന്റെ മേലായി. അവന്റെ അടിപ്പിണരുകളാൽ

Email id: agape.magasine@gmail.com

നമുക്കു സൗഖ്യം വന്നിരിക്കുന്നു. [യെശയ്യാവ് : 53:5]

യേശു ഈ ലോകത്തിൽ അടിയേറ്റത് നമ്മുടെ പാപങ്ങളെ പ്രതിയാണ്. അവൻ കാൽവറിയിൽ രക്തംചൊരിഞ്ഞത് നമുക്കു സൗഖ്യം വരുവാനാണ്. "എന്നെ തിന്നുന്നവൻ എന്മൂലം ജീവിക്കും" സ്വന്തം ശരീരം നമുക്കു ജീവൻ ഉണ്ടാകുവാൻ വേണ്ടി നുറുക്കപ്പെട്ടു.

ഈ യേശു കർത്താവിന് നമ്മുടെ ജീവിതത്തിൽ എത്രമാത്രം സ്ഥാനം കൊടുക്കുന്നുണ്ട്. ക്രിസ്ത്യാനിയെന്ന് അഭിമാനം കൊള്ളുന്ന നിമിഷം ചിന്തിച്ചു നോക്കാം നാം എത്രത്തോളം ക്രിസ്തുവിനെ അറിഞ്ഞു. ക്രിസ്തുവിന്റെ വചനങ്ങൾക്ക് ജീവിതത്തിൽ മൂല്യം കൊടുത്തിട്ടുണ്ടോ? യേശുവിനെ അനുസരിക്കുവാൻ വേണ്ടി ഇന്ന് നാം അനുയായികളല്ലേ വിശ്വാസികളല്ലേ യേശുവിനെ അനുഗമിച്ചാൽ നഷ്ടങ്ങൾ തന്നെ. ഈ യേശുവിനെ പ്രീതിപ്പെടുത്തുവാൻ ചിന്തകളും വഴിപാടുകളും അർപ്പിക്കുന്ന ക്രിസ്ത്യാനികളായി നാം മാറിക്കഴിഞ്ഞു. എന്നാൽ യേശു പറഞ്ഞു. ഞാൻ യാഗത്തിലല്ല കരുണയിലത്രെ പ്രസാദിക്കുന്നത്. ദൈവത്തിനു നമ്മുടെ പണം വേണ്ട. നാം കൊടുക്കേണ്ടത് നമ്മുടെ ശരീരത്തെ തന്നെയാണ്. "ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലയ്ക്കുവാങ്ങിയിരിക്കയാൽ നിങ്ങൾ താന്താങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? ആകയാൽ നിങ്ങളുടെ ശരീരത്തിൽ ദൈവത്തെ മഹത്വപ്പെടുത്തുവിൻ." [1 കൊരിന്ത്യർ 6:19]

നമ്മുടെ ശരീരം നമ്മുടേതല്ല. ദൈവത്തിന്റെ ദാനമത്രെ. യേശു തന്റെ കാൽവറിയിലെ രക്തത്താൽ നമ്മെ വിലയ്ക്കു വാങ്ങിയിരിക്കുന്നു. ഈ വചനത്തിന്റെ അന്തർലീന അർത്ഥത്തിലേക്കു

# അഗാപെ കൈയ്യെഴുത്തു മാസിക

ഓർക്കുമ്പോൾ നാം മനസ്സിലാക്കേണം നമ്മുടെ ശരീരം നമ്മുടെ ഇഷ്ടം പോലെ ഉപയോഗിക്കുവാൻ നമുക്കു അവകാശമില്ല. തന്റെ സ്വന്ത രക്തത്താൽ വിലക്കു വാങ്ങിയ യേശുവിനുള്ളവരാണ് നാം. നമ്മുടെ ജീവിതത്തിൽ നന്മകൾ മാതാപിതാക്കളെക്കാൾ സഹോദരങ്ങളെക്കാൾ ജീവിത പങ്കാളിയെക്കാൾ അധികാരം ഉള്ളത് യേശുവിനാണ്.


യിരെമ്യാ പ്രവാചകന്റെ പുസ്തകത്തിൽ നാം വായിക്കുന്നു. "എന്റെ ജനം രണ്ടു ദോഷം ചെയ്തിരിക്കുന്നു. അവർ ജീവജലത്തിന്റെ ഉറവയായ എന്നെ ... ഉപേക്ഷിച്ച് വെള്ളമില്ലാത്ത പൊട്ടക്കിണറുകളെ തന്നെ കുഴിച്ചിരിക്കുന്നു.

യിസ്രായേൽ ജനം സകലനന്മകളുടെ ഉറവിടമായ യഹോവയെ വിട്ടു കളഞ്ഞിട്ടു വെള്ളം തരുവാൻ കഴിയാത്ത പൊട്ടക്കിണറുകളെ ആശ്രയിക്കുന്നു. ശരിക്കും ഇതു തന്നെയല്ലേ നമ്മുടെയും അവസ്ഥ. ഇന്നു നാം ജീവൻ ആഗ്രഹിച്ചു ഓടുന്നത് പൊട്ടക്കിണറുകളിലേക്കല്ലേ.

"പുത്രനെ നോക്കിക്കൊണ്ട് അവനിൽ വിശ്വസിക്കുന്ന ഏവനും നിത്യജീവൻ ഉണ്ടാകേണം എന്നാകുന്നു പിതാവിന്റെ ഇഷ്ടം. സഹോദരങ്ങളെ ഈ നശ്വരമായ ലോകത്തിൽ കൂടിയാൽ നാം എഴുപതു വർഷം ജീവിച്ചിരിക്കുമായിരിക്കും. നൂറു വർഷം മുമ്പ് നമ്മൾ ഈ ലോകത്തിൽ ഇല്ലായിരുന്നു. നൂറു വർഷം കഴിയുമ്പോഴും നമ്മൾ ഈ ലോകത്തിൽ കാണുകയില്ല. മാനുഷിക ജീവൻ ക്ഷണികമത്രേ. "സകല ജഡവും പുല്ലുപോലെയും അതിന്റെ ഭംഗിയൊക്കെയും വയലിലെ പൂപോലെയും ആകുന്നു." മനുഷ്യർ വെറും പൊടിയും ചാരവും മാത്രമാണ്. ഈ ലോകത്തിൽ അവന്റെ ആയുസ്സ് എത്രനാൾ മുന്നോട്ടു പോകുമെന്ന് അവൻ അറിയുന്നില്ല. എങ്കിലും മനുഷ്യൻ ജീവിതത്തിൽ മുമ്പ് ...

പണവും കെട്ടിടങ്ങളും വാഹനങ്ങളും സ്വന്തമായി കഴിഞ്ഞാൽ ഞാൻ എന്റെ സ്വന്തം കഴിവിനാൽ എല്ലാം നേടി എന്നിട്ട് ദൈവത്തെ അവഗണിച്ചു എന്നു പറയുന്ന സമൂഹത്തിലാണ് നാം ജീവിക്കുന്നത്. ഇങ്ങനെ ചിന്തിക്കുന്നവരോടുള്ള ദൈവത്തിന്റെ പ്രതികരണം ഇതാണ് "മൂഢാ ഇന്ന് നിന്റെ ആത്മാവിനെ ഞാൻ ചോദിച്ചാൽ നീ കരുതി വെച്ചത് ആരുടേതാകും?" "നശിച്ചു പോകുന്ന ആഹാരത്തിന് വേണ്ടിയല്ല. നിത്യജീവങ്കലേക്കു നിലനിൽക്കുന്ന ആഹാരത്തിനായിട്ടു തന്നെ പ്രവർത്തിപ്പിൻ. അതു മനുഷ്യപുത്രൻ നിങ്ങൾക്കു തരും" [യോഹ: 6:27]

യേശുവിന്റെ ശരീരം നമുക്കു ആത്മീയമായി ജീവൻ നൽകുന്നതാണ്. നമ്മൾ ഭക്ഷിക്കുന്ന ഈ ലോകത്തിലെ ആഹാരത്തിന് നിത്യജീവനെ തരുവാൻ കഴിയുകയില്ല. ഈ ലോകത്തിൽ മരിക്കുമ്പോൾ നാം ഭക്ഷിച്ച ആഹാരത്തിനോടും പ്രസക്തി നഷ്ടമാകുന്നു. "ജീവിപ്പിക്കുന്നത് ആത്മാവാകുന്നു. മാംസം ഒന്നിനും ഉപകരിക്കുന്നില്ല. ഞാൻ നിങ്ങളോട് സംസാരിച്ച വചനം ആത്മാവും ജീവനുമാകുന്നു." [യോഹ: 6:63]. അതെ നമ്മുടെ മാംസം ഒന്നിനും ഉപകരിക്കുന്നില്ല. നമ്മുടെ ജീവനും ആത്മാവും ശരീരത്തിൽ നിന്നും വേർപെട്ടു കഴിയുമ്പോൾ ശരീരം ഒന്നിനും കൊള്ളാത്തതാകുന്നു. പക്ഷെ നാം പലപ്പോഴും ശ്രദ്ധിക്കുന്നത് ഈ ശരീരത്തെയാണ്. നാം ആത്മാവിനെ അറിയുന്നില്ല. ശരീരത്തെ പോഷിപ്പിക്കുവാൻ ഭക്ഷണം കഴിക്കുന്നവരിൽ ആത്മാവിനെ പോഷിപ്പിക്കുന്നതാണ് ദൈവവചനം. ദൈവവചനം ആത്മാവും ജീവനുമാകുന്നു. "അവരുടെ നടുവിൽ നിങ്ങൾ ജീവന്റെ വചനം പ്രമാണിച്ചുകൊണ്ട് ലോകത്തിൽ ജ്യോതിസ്സുകളെ പോലെ പ്രകാശിക്കുന്നു." [ഫിലിപ്പിയർ 2:15]


അഗാപെ കൈയ്യെഴുത്തു മാസിക
ACTS OF THE APOSTLES-A STUDY
Email id: agape.magasine@gmail.com

## അപ്പോസ്തലൻമാരുടെ പ്രവൃത്തികൾ - ഒരു പഠനം.

ദൈവനാമത്തിന് വീണ്ടും സ്തോത്രം ചെയ്യുന്നു. അപ്പോസ്തലൻമാരുടെ പ്രവൃത്തികൾ എന്ന പുസ്തകം ഏറെ ഗൗരവമായി നാം ചിന്തിക്കുന്നു. നാം അറിയുന്ന സത്യങ്ങൾ എത്രത്തോളം നമ്മുടെ ജീവിതത്തിൽ പ്രാവർത്തികമാകുന്നു എന്നതിലാണ് കാര്യം. തിരുവചന സത്യങ്ങൾ കേൾക്കുവാനും അതിൽ നിന്ന് പങ്കിട്ട് നൽകുവാനും ഒരു പരിധി വരെ നമുക്ക് അന്യോന്യം സാധിക്കും. എന്നാൽ വചനത്തിന്റെ അനുഗ്രഹങ്ങൾ മനസ്സിലാക്കി തരുവാൻ പരിശുദ്ധാത്മാവിനെക്കൂടാതെ മാനുഷികമായി അസാധ്യമാണ്:

ക്രിസ്തീയ ജീവിതം options ഇല്ലാത്ത ജീവിതമാണ്. ഒരു അവസരത്തിൽ കൂടുതലില്ല വേറൊന്ന് അനുസരിച്ചാൽ മതി എന്നില്ല. നിരന്തര ദൈവവചനമുള്ള ബന്ധം അനുദിനമുള്ള നമ്മുടെ ജീവിതം. എല്ലാ സമയവും നന്മയോടൊത്ത് വസിക്കുവാനാണ് ദൈവം ആഗ്രഹിക്കുന്നത്. ഒരു സമയവും അവനിൽ നിന്ന് പിരിഞ്ഞിരിക്കുവാൻ നമുക്ക് അവകാശമില്ല. അതാണ് യോഹന്നാന്റെ സുവിശേഷത്തിൽ നമ്മൾ കാണുന്നത് 'എന്നെ പിരിഞ്ഞ് നിങ്ങൾക്ക് ഒന്നും ചെയ്യുവാൻ കഴിയുകയില്ല'. കൊമ്പ് മുന്തിരിവള്ളിയിൽ വസിച്ചിട്ടല്ലാതെ സ്വയമായി കായ്ക്കാൻ കഴിയാത്തതുപോലെ എന്നിൽ വസിച്ചിട്ടല്ലാതെ നിങ്ങൾക്ക് കഴിയുകയില്ല. വേറെ ഒന്നും ആയിരിക്കരുത് നമ്മുടെ ആഗ്രഹം. നമ്മുടെ കർത്താവിന്റെ സാമീപ്യം. ശുദ്ധം സകല കാര്യങ്ങളിലും ആശ്രയത്വം ഉണ്ടാകണം. സ്വന്തബുദ്ധിയിലുള്ള വിചാരത്താൽ ചലിക്കരുത്. നമ്മുടെ നഗ്നനേത്രങ്ങൾകൊണ്ട് കാണുന്നതെല്ലാം നശിച്ചുപോകുന്നതാണ്. കാണുന്നത് താൽക്കാലികം. കാണാത്തത് നിത്യം.

കഴിഞ്ഞ പ്രാവശ്യം നാം ചിന്തിച്ചു നിർത്തിയത് 1ാം അദ്ധ്യായം 4ാം വാക്യമാണ്. പിതാവിന്റെ വാഗ്ദത്തമായ പരിശുദ്ധാത്മാവിനെക്കുറിച്ചും

പരിശുദ്ധാത്മാവ് എങ്ങനെ നമ്മുടെ ജീവിതത്തെ സ്വാധീനിക്കും എന്നുള്ളതും കണ്ടിരുന്നു. 5-ാം വാക്യത്തിലേക്ക് നാം കടന്നുചെന്നാൽ പരിശുദ്ധാത്മാവിനെ നമുക്ക് എങ്ങനെ ലഭിക്കുവാൻ കഴിയും എന്നാണ് അവിടെ കാണുന്നത്.
"യോഹന്നാൻ വെള്ളം കൊണ്ടു സ്നാനം കഴിപ്പിച്ചു. നിങ്ങൾക്കോ ഇനി ഏറെ നാൾ കഴിയും മുമ്പെ പരിശുദ്ധാത്മാവു കൊണ്ടു സ്നാനം ലഭിക്കും എന്നു കല്പിച്ചു". [അപ്പൊ. പ്രവൃത്തികൾ 1:5]


യോഹന്നാൻ സ്നാപകൻ വന്നു; സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കയാൽ മാനസാന്തരപ്പെടുവിൻ എന്നു വിളിച്ചു പറഞ്ഞു. മാനസാന്തരത്തിന്നു തക്കതായ ഫലം കായ്പിൻ എന്നു പറഞ്ഞു മാനസാന്തര സ്നാനം കഴിപ്പിച്ചു. യോഹന്നാൻ സ്നാപകന്റെ ദൗത്യം കർത്താവിനെ ലോകത്തിന് പരിചയപ്പെടുത്തുക എന്നുള്ളതാണ്. [ലൂക്കോസ് - 7: 27-28] "ഞാൻ എന്റെ ദൂതനെ നിനക്കു മുമ്പായി അയക്കുന്നു. അവൻ നിന്റെ മുമ്പിൽ നിന്റെ വഴി ഒരുക്കും" എന്നു എഴുതിയിരിക്കുന്നത് അവനെക്കുറിച്ചാകുന്നു. സ്ത്രീകളിൽ നിന്നു ജനിച്ചവരിൽ യോഹന്നാനെക്കാൾ വലിയവൻ ആരുമില്ല. ദൈവരാജ്യത്തിൽ ഏറ്റവും ചെറിയവനോ അവനിലും വലിയവൻ എന്നു ഞാൻ നിങ്ങളോടു പറയുന്നു. യോഹന്നാൻ വന്ന് മാനസാന്തരത്തിനുള്ള സ്നാനം ഏൽപ്പിച്ചു. യോഹന്നാൻ വിശദമാക്കുകയാണ് എന്നിലും ബലവാനായവൻ വരുന്നു അവന്റെ ചെരിപ്പിന്റെ വാറ് അഴിപ്പാൻ ഞാൻ യോഗ്യനല്ല. അവൻ നിങ്ങളെ പരിശുദ്ധാത്മാവു കൊണ്ടും തീ കൊണ്ടും സ്നാനം കഴിപ്പിക്കും.

എന്നാൽ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏൽക്കുന്നവരായ നമുക്ക് അവൻ ദാനമായി നൽകുന്നതാണ് പരിശുദ്ധാത്മാവിനെ. പൗലോസ് എഫെസോസിൽ എത്തി ചില ശിഷ്യന്മാരെ കണ്ടു അവരോട് ചോദിക്കുന്നുണ്ട് നിങ്ങൾ വിശ്വസിച്ചിട്ട് പരിശുദ്ധാത്മാവിനെ പ്രാപിച്ചുവോ എന്ന്. അവർ ഉത്തരം പറഞ്ഞത് പരിശുദ്ധാത്മാവ് ഉണ്ടെന്ന പോലും ഞങ്ങൾ കേട്ടിട്ടില്ല.

പൗലോസ് അവരോട് ചോദിക്കുന്ന എന്നാൽ ഏതായിരുന്നു നിങ്ങളുടെ സ്നാനം? യോഹന്നാന്റെ സ്നാനം എന്നു അവർ പറഞ്ഞു. അതിന പൗലോസ്; യോഹന്നാൻ മാനസാന്തര സ്നാനമത്രെ കഴിപ്പിച്ചത്. തനിക്കു പിന്നാലെ വരുന്ന യേശുവിൽ വിശ്വസിക്കേണം എന്ന ജനങ്ങളോട് പറഞ്ഞു. ഇതു കേട്ടാറെ അവർ കർത്താവായ യേശുവിന്റെ നാമത്തിൽ സ്നാനം ഏറ്റു. പൗലോസ് അവരുടെ മേൽ കൈവെച്ചപ്പോൾ പരിശുദ്ധാത്മാവ് അവരുടെമേൽ വന്നു. അവർ അന്യഭാഷകളിൽ സംസാരിക്കുകയും പ്രവചിക്കുകയും ചെയ്തു.

റോമർക്ക് എഴുതിയ ലേഖനത്തിൽ നാം കാണുന്നു. 'യേശുക്രിസ്തുവിനോട് ചേരുവാൻ സ്നാനം ഏറ്റവരായ നാം എല്ലാവരും അവന്റെ മരണത്തിൽ പങ്കാളികളാകുവാൻ സ്നാനം ഏറ്റിരിക്കുന്നു. അതിനാൽ അവന്റെ മരണത്തോടു സദൃശരാകുന്ന അനുഭവമാണ് സ്നാനം. നമ്മുടെ പഴയ മനുഷ്യനെ അതിന്റെ വാസനകളോടുകൂടി നാം ക്രൂശിച്ചു. ഇനിയും ജീവിക്കുന്നത് ഉയിർത്ത മനുഷ്യനാണ്. ഈ പുതിയ മനുഷ്യൻ ഈ ലോകത്തിന് അനുരൂപരാകാതിരിക്കുവാൻ, നമ്മെ സകലസത്യത്തിലേക്കും വഴിനടത്തി യേശുകർത്താവിന്റെ മഹത്വ പ്രത്യക്ഷതയിൽ അവന്റെ മഹത്വമേറിയ ശരീരത്തോടു അനുരൂപമായി തീർക്കുവാനാണ് പരിശുദ്ധാത്മാവ് എന്ന കാര്യസ്ഥനെ നമുക്ക് നൽകുന്നത്. അതിനായിട്ടാണ് പരിശുദ്ധാത്മ സ്നാനം ലഭിക്കുന്നത്. സർവ്വ കൃപാലുവായ ദൈവം എല്ലാവരെയും അനുഗ്രഹിക്കട്ടെ.

നിങ്ങൾ എന്നെ സ്നേഹിക്കുന്നു എങ്കിൽ എന്റെ കല്പനകളെ കാത്തുകൊള്ളും. എന്നാൽ ഞാൻ പിതാവിനോടു ചോദിക്കും; അവൻ സത്യത്തിന്റെ ആത്മാവു എന്ന മറ്റൊരു കാര്യസ്ഥനെ എന്നേക്കും നിങ്ങളോടു കൂടെ ഇരിക്കേണ്ടതിന്നു നിങ്ങൾക്കു തരും. [യോഹന്നാൻ 14:15-16]


അഗാപെ കൈയ്യെഴുത്തു മാസിക
THE CHOSEN VESSEL
Email id: agape.magasine@gmail.com

## തിരഞ്ഞെടുക്കപ്പെട്ട പാത്രം.

തനിക്ക് ഉപയോഗിക്കുവാനായി ഒരാൾ ഒരു പാത്രം തട്ടിൽ തിരയുകയായിരുന്നു. തട്ടിൽ വ്യത്യസ്തമായ പാത്രങ്ങൾ ഉണ്ടായിരുന്നു. അദ്ദേഹം ഏതു തിരഞ്ഞെടുക്കണമെന്നുള്ള സംശയത്തിലായി. "എന്നെ എടുക്കൂ" എന്ന് സ്വർണ്ണ പാത്രം നിലവിളിച്ചു പറഞ്ഞു. "എനിക്ക് തിളക്കമുണ്ട്. ഭംഗിയും. എന്റെ വിലയോ പറയാനാവാത്തതും. എന്റെ സൗന്ദര്യം മറ്റുള്ളവയെക്കാൾ ഏറ്റവും മുമ്പിൽ.. നിങ്ങളെപ്പോലെയുള്ള ഒരു യജമാനന് ഞാനാണ് ഉചിതം". അദ്ദേഹം ഒന്നും പറയാതെ മുന്നോട്ട് പോയി.

തട്ടിൽ ഇരുന്ന പൊക്കമുള്ള വെള്ളി പാത്രത്തിലേക്ക് അദ്ദേഹം നോക്കി. വെള്ളി പാത്രം അദ്ദേഹത്തോട് പറഞ്ഞു. "പ്രിയ യജമാനനെ എന്നെ തിരഞ്ഞെടുക്കൂ. ഞാൻ നിനക്ക് വീഞ്ഞ് വിളമ്പാം. നിന്റെ തീൻമേശയിൽ ഞാൻ അലങ്കാരമായിരിക്കാം. എനിക്ക് കൊത്തുപണികളോടെ ഭംഗി. എന്നിലെ വെള്ളി നിനക്ക് എന്നും അഭിവൃദ്ധി-ഉള്ളതാകും."

യജമാനന്റെ കണ്ണുകൾ അടുത്തിരുന്ന വലിയ വായ് ഉള്ള ചെമ്പു പാത്രത്തിൽ പതിഞ്ഞു. ചെമ്പു പാത്രം ഉറക്കെ കരഞ്ഞു. "എന്നെ എടുക്കൂ പ്രിയ യജമാനനെ. എന്നെ നിന്റെ മേശയിൽ വയ്ക്കൂ. എല്ലാവർക്കും ആസ്വദിക്കാം. അതിഥികളോടൊപ്പം ഞാൻ നിന്നെ സേവിക്കാം. നിന്റെ ഭവനത്തിൽ ഞാൻ സന്തോഷവാനായിരിക്കും."

തടിയിൽ കടഞ്ഞെടുത്ത പാത്രത്തെ ആ യജമാനൻ ഒന്നു നോക്കി. വളരെ മിനുസവും ഭംഗിയും ഉള്ളതായിരുന്നു അത്. ആ പാത്ര

ഉടനെ പറഞ്ഞു. "ചില കുശവന്മാർ എന്നെ ഉപയോഗിക്കും. ചെടികൾ വയ്ക്കുവാൻ ഉപയോഗിക്കും." അപ്പോഴാണ് ആ കുശവന്റെ കണ്ണുകൾ, താഴെ പൊട്ടി കിടന്ന കളിമൺ പാത്രത്തിലേക്ക് വീണത്. താൻ തിരഞ്ഞെടുത്തപ്പോഴും എന്നു ഓരോരു വില പ്രത്യാശയും ഉണ്ടായിരുന്നു. "ഇതാണ് ഞാൻ തിരഞ്ഞു നടന്ന പാത്രം എനിക്ക് സ്വന്തം കൈകൾ കൊണ്ട് മിനഞ്ഞ് ഉപയോഗിക്കാനാകുന്ന, എന്നാൽ എന്നെ എനിക്ക് സ്വയം പറയാവുന്ന പാത്രം. അഭിമാനിയായതോ, നടിൽ കയറാൻ പറ്റാത്ത അതേ പൊക്കമുള്ളതോ, പിളർന്ന വായ് ഉള്ളതോ, തന്നിലെ എല്ലാം വെളിവാക്കുന്നതോ, എല്ലാം തനിക്കാകും എന്നു ചിന്തയുള്ളതോ ആയ പാത്രം എനിക്ക് വേണ്ട. എന്നാൽ, വിനയമുള്ള ഈ പാത്രത്തിൽ ഞാൻ എന്റെ കഴിവും ശക്തിയും ഉപയോഗിച്ച് മിനയും. ഇതു പറഞ്ഞു കൊണ്ട് ആ കുശവൻ പൊട്ടികിടന്ന ആ പാത്രം എടുത്ത് മിനഞ്ഞു വൃത്തിയാക്കി അതിൽ പാനിയം നിറച്ചു, എന്നിട്ട് സ്നേഹവാത്സല്യത്തോടെ അതിനോടു പറഞ്ഞു "നിനക്ക് ചെയ്യുവാൻ വലിയ ഒരു പണിയുണ്ട്. ഞാൻ നിന്നിൽ നിറച്ചതു പോലെ, നീയും മറ്റുള്ളവർക്ക് നിന്നിൽ നിന്നും ഒഴിച്ച് നിറക്കണം."

ഇതു തന്നെയാണ് യേശു കർത്താവും നമ്മോടും ആവശ്യപ്പെടുന്നത്. എല്ലാം നമുക്ക് സ്വയം കഴിയും എന്നു കരുതി അഭിമാനിക്കാതെ, ദൈവത്തിൽ ആശ്രയം പ്രാപിച്ച്, അവന്റെ വേല ചെയ്യുവാൻ നാം വിനയമുള്ളവരായി സമർപ്പിച്ചു കൊടുക്കണം. 1 പത്രോസ് 5:5-7 വരെയുള്ള വാക്യത്തിൽ പറയുന്നു "അവ്വണ്ണം ഇളയവരേ മൂപ്പന്മാർക്കു കീഴടങ്ങുവിൻ. എല്ലാവരും തമ്മിൽ തമ്മിൽ കീഴടങ്ങി താഴ്മ ധരിച്ചു കൊൾവിൻ. ദൈവം നിഗളികളോടു എതിർത്തു നില്ക്കുന്നു. താഴ്മയുള്ളവർക്കോ കൃപ നല്കുന്നു. അതു കൊണ്ടു അവൻ തക്കസമയത്തു നിങ്ങളെ ഉയർത്തുവാൻ ദൈവത്തിന്റെ ബലമുള്ള കൈക്കീഴ്-

താണിരിപ്പിൻ. അവൻ നിങ്ങൾക്കായി കരുതുന്നതാകയാൽ നിങ്ങളുടെ
സകല ചിന്താകുലവും അവന്റെ മേൽ ഇട്ടുകൊൾവിൻ."


അഗാപെ കൈയ്യെഴുത്തു മാസിക
എനിക്ക് വേണം നിന്നെ
നീ എത്ര പാപിയാണെന്നാലും
STORY- BLESSED LAMB
Email id: agape.magasine@gmail.com

കഥ. ഭാഗ്യമുള്ള കുഞ്ഞാട്

പണ്ട് പണ്ട് ഒരു ഗ്രാമത്തിലെ ഒരു പ്രാന്തപ്രദേശത്ത് ഒരു കാലിത്തൊഴുത്തിൽ ഒരു കുഞ്ഞാട് പിറന്നു. നിർഭാഗ്യവശാൽ ആ കുഞ്ഞാടിന്റെ ഒരു കാലിന് അല്പം വലിപ്പക്കുറവുണ്ടായിരുന്നു. മറ്റ് ആടുകളെപ്പോലെ ഓടാനോ ചാടാനോ അതിന് സാധിച്ചിരുന്നില്ല. നടക്കുന്നത് തന്നെ മുടന്തിയായിരുന്നു. ചെറുതായിരുന്നപ്പോൾ അത് ഒരു പ്രശ്നമല്ലായിരുന്നു. പിന്നീട് കുഞ്ഞാട് വളർന്നപ്പോൾ ആ വൈകല്യം വലിയ മനഃപ്രയാസത്തിനിടയാക്കി.

സ്കൂളിൽ വച്ച് മറ്റു ആടുകളൊക്കെ 'ഒരു മുടന്തൻ വരുന്നു' എന്നു പറഞ്ഞു പരിഹസിച്ചു. സ്കൂളിൽ നിന്നു വന്ന ആദ്യ ദിവസം തന്നെ കുഞ്ഞാട് അമ്മയോട് പറഞ്ഞു "ഞാൻ ഇനി സ്കൂളിൽ പോകില്ല. എല്ലാവരും എന്നെ 'ഞൊണ്ടി' എന്നു പറഞ്ഞു കളിയാക്കുന്നു." അമ്മ മകനെ ആശ്വസിപ്പിച്ചു. "സാരമില്ല മോനെ, മോൻ മുടന്തി നടക്കുന്നത് മോന്റെ കുറ്റമൊന്നും കൊണ്ടല്ലല്ലോ. മറ്റുള്ളവർ എന്തും പറഞ്ഞോട്ടെ. മോൻ എന്റെ ചക്കരക്കുട്ടനല്ലേ." വീണ്ടും കുഞ്ഞാടിന് ഒന്നിനി മനഃപ്രയാസമുണ്ടായത് [illegible]. ആൺകുട്ടികൾ കളിയാക്കുന്നത് സഹിക്കാം. പക്ഷേ പെൺകുട്ടികളും തന്നെ നോക്കി രഹസ്യം പറയുന്നതും കളിയാക്കി ചിരിക്കുന്നതും കണ്ടപ്പോൾ ദുഃഖം പിടിച്ചു നിർത്താനായില്ല. ഒരു മുടന്തനായ തന്നെ ആരാണു സ്നേഹിക്കുക. ഏതു പെൺകുട്ടിയാണ് തന്നെ ജീവിതത്തിൽ വിവാഹം കഴിക്കുക. എനിക്ക് നല്ലൊരു ജീവിതമുണ്ടോ? എന്നൊക്കെ ചിന്തിക്കുവാൻ തുടങ്ങി. എല്ലാവരാലും അവഗണിക്കപ്പെടുന്ന തനിക്കു ദൈവം തന്ന ശാപം എന്നു മനസ്സിലുറച്ചു.

ദൈവാലയത്തിൽ ആടുകളെയും കാളകളെയും ബലിയർപ്പിക്കുന്ന പതിവുണ്ടായിരുന്നു. ഏതായാലും തന്നെക്കൊണ്ട് അങ്ങനെയെങ്കിലും ഒരു ഉപകാരമുണ്ടാകുമല്ലോ. സ്വയം ബലി വസ്തുവായി തീരുക എന്ന തീരുമാനത്തോടെ ആട്ടിൻകുട്ടി ദൈവാലയത്തിന്റെ പടികൾ കയറി. എങ്ങും മൃഗങ്ങളുടെ ദീനരോദനങ്ങൾ. മനുഷ്യർ ബലമായി കൊണ്ടു വന്നിരുന്ന ഒരു മൃഗത്തിനും ബലിയർപ്പിക്കപ്പെടാൻ ഇഷ്ടമില്ലായിരുന്നു. അവയ്ക്കൊക്കെ ജീവിക്കുവാൻ ഒത്തിരി ആഗ്രഹമായിരുന്നു. പക്ഷേ മനുഷ്യന്റെ പാപങ്ങൾക്ക് പരിഹാരമായി അതേടത്തിൽ അവർക്കു വലിയ അനുഗ്രഹത്തിന് നന്ദി സൂചകമായി പാവം മൃഗങ്ങളെയാണ് ബലിയർപ്പിച്ചിരുന്നത്.

മുടന്തനായ കുഞ്ഞാട് ഒട്ടും ഭയപ്പെടാതെ പുരോഹിതന്മാരുടെ അടുക്കലേക്കു ചെന്നു. അവിടെ ദൈവാലയാധികാരികളാൽ നിയമിക്കപ്പെട്ട പുരോഹിതന്മാർ, മനുഷ്യർ ബലിയർപ്പിക്കുവാൻ കൊണ്ടുവരുന്ന മൃഗങ്ങളെ സൂക്ഷ്മം പരിശോധിക്കുമായിരുന്നു. എന്തെങ്കിലും ന്യൂനതകൾ കണ്ടാൽ അവ ബലിയർപ്പിക്കുന്നതിന് അയോഗ്യമായി കണക്കാക്കപ്പെട്ടിരുന്നു. കുഞ്ഞാട് ബലിയർപ്പിക്കപ്പെടാനായി സ്വയം മുന്നോട്ട് ചെന്നു. പുരോഹിതൻ സൂക്ഷിച്ചു നോക്കി. അവൻ നടന്നു വരുന്നതു കണ്ടപ്പോഴേ എന്തോ പന്തികേടുണ്ടെന്നു തോന്നിയതാണ്. ബലിയർപ്പിക്കുവാൻ കൊണ്ടുവരുന്ന മിക്കവാറും മൃഗങ്ങൾ ന്യൂനതയുള്ളവയായിരിക്കും. ലേവ്യരുടെ പുസ്തകത്തിൽ പറഞ്ഞിട്ടുള്ള നിയമങ്ങളൊക്കെ കൈക്കൂലിയുടെ മുമ്പിൽ അവഗണിക്കപ്പെടാറുണ്ടായിരുന്നു. പക്ഷേ മുടന്തൻ കുഞ്ഞാടിനു വേണ്ടി കൈക്കൂലി കൊടുക്കുവാൻ ആരും ഇല്ലായിരുന്നതുകൊണ്ട് പുരോഹിതൻ പറഞ്ഞു "നീ ബലിയർപ്പണത്തിന് യോഗ്യനല്ല. നിന്റെ കാലുകൾ ന്യൂനതയുള്ളവയാണ്". എത്രതന്നെ കെഞ്ചിയിട്ടും അവർ കുഞ്ഞാടിനെ സ്വീകരിച്ചില്ല.

തന്നെ ദൈവത്തിനു പോലും വേണ്ടല്ലോ എന്ന നിരാശയോടെ പാവം കുഞ്ഞാട് ദേവാലയത്തിന്റെ പടവുകൾ ഇറങ്ങി. പെട്ടെന്ന് പാതി വഴിയെത്തിയപ്പോൾ ആരോ മുകളിലേക്ക് കയറി വരുന്നു. കുഞ്ഞാട് അയാളെ നോക്കിയതും അത്ഭുതസ്തബ്ധനായി. നല്ലിടയനായ യേശുവല്ലേ അതു വരുന്നത്? യേശു കുഞ്ഞാടിനെ കാരുണ്യപൂർവ്വം കടാക്ഷിച്ചു. "എന്താ കുഞ്ഞാടേ നിനക്കിത്ര വിഷമം?" യേശു ചോദിച്ചു. "എന്നെ ആർക്കും വേണ്ട. ദൈവത്തിനു പോലും". "ആരു പറഞ്ഞു ഇത്? നിന്നെ മറ്റാർക്കും വേണ്ടെങ്കിലും എനിക്കു വേണം". ഇതു പറഞ്ഞതും യേശു മുടന്തനായ ആ കുഞ്ഞാടിനെ എടുത്ത് തന്റെ തോളിലേറ്റി ദേവാലയത്തിലേക്കു നടന്നു.

ഇതിൽ പരം ഒരു ആനന്ദം കുഞ്ഞാട് തന്റെ ജീവിതത്തിൽ ഒരിക്കലും അനുഭവിച്ചിട്ടില്ല. തന്റെ വൈകല്യത്തെ ഓർത്ത് കുഞ്ഞാട് ആദ്യമായി സന്തോഷിച്ചത് അന്നായിരുന്നു. തന്റെ കാലിന് മുടന്തുണ്ടായിരുന്നതു കൊണ്ടല്ലേ യേശു തന്നെ വാരിപ്പുണർന്നത്. മറ്റുള്ളവർ തന്നെ തിരസ്കരിച്ചതു കൊണ്ടല്ലേ ഇപ്പോൾ യേശുവിന്റെ തോളിലിരിക്കുവാൻ ഭാഗ്യമുണ്ടായത്. ഒരു അംഗവൈകല്യവും, ബലക്ഷയവും വാസ്തവത്തിൽ ദൗർഭാഗ്യമല്ല എന്ന തിരിച്ചറിവ് കുഞ്ഞാടിന്റെ മനസ്സിലുണ്ടായിരുന്ന എല്ലാ വ്യഥകളെയും അകറ്റി. യേശുവിനിഷ്ടം ആയിരിക്കുക. യേശുവിനോട് ചേർന്നു നിൽക്കുക. ഇതിനപ്പുറം എന്തൊരു ഭാഗ്യമാണ് ലഭിക്കുക?.

യേശുവിന്റെ കുഞ്ഞാടായിരിക്കുക എന്നത് ഏറ്റവും വലിയ സൗഭാഗ്യം തന്നെ. അംഗവൈകല്യമുള്ളവരും, രോഗികളും ഒറ്റപ്പെട്ടവരും ഭൂമിയിൽ മടുപ്പനുഭവിക്കുന്നവരും ഒക്കെ ആയവർ ഒരിക്കലും

# അഗാപെ കൈയ്യെഴുത്തു മാസിക

അങ്ങനെ ജീവിതത്തെ ശപിക്കരുത്. "എന്നെ ആർക്കും വേണ്ട. ഞാൻ ഒന്നിനും കൊള്ളില്ല" എന്നൊക്കെയുള്ള ചിന്തകൾ നമ്മെ നിരാശയിലേക്കു നയിക്കുകയേയുള്ളൂ. ഒന്നിനും കൊള്ളാത്തവരായി ആരും ഈ ഭൂമിയിലില്ല. "താൻ സൃഷ്ടിച്ചതെല്ലാം നന്നായിരിക്കുന്നു" അതിൽ, മനുഷ്യൻ 'ഏറ്റവും നന്നായിരിക്കുന്നു' എന്നു പറഞ്ഞ ദൈവത്തിന്റെ വാക്കുകൾ ഒരിക്കലും വ്യഥാവിലാവില്ല. മറ്റുള്ളവരാൽ മണ്ടന്മാരെന്നു വിധിയെഴുതപ്പെട്ടവർ എത്രയോ വലിയ ശാസ്ത്രജ്ഞന്മാരായി തീർന്നിട്ടുണ്ട്. ഒരു കഴിവുമില്ല എന്ന് അദ്ധ്യാപകർ സാക്ഷ്യപ്പെടുത്തിയിട്ടും എത്രപേർ നല്ല എഴുത്തുകാരും, കവികളും ചിത്രകാരന്മാരും, കലാകാരന്മാരും ഒക്കെ ആയി. അറിവില്ലാത്തവർ വളർന്നിട്ടുണ്ട്. മറ്റുള്ളവരുടെ പരിഹാസം ധൈര്യപൂർവ്വം നേരിടുവാൻ സാധിച്ചാൽ ശാരീരിക വൈകല്യങ്ങൾ ഒരിക്കലും നമ്മുടെ സ്വപ്ന സാക്ഷാത്കാരത്തിന് വിലങ്ങുതടിയാവില്ല.

മറ്റുള്ളവരുടെ വൈകല്യങ്ങളെ, കുറവുകളെ, ചൂണ്ടിക്കാണിച്ച് പരിഹസിക്കുന്നത് വലിയൊരു തിന്മതന്നെയാണ്. ദൈവം സൃഷ്ടിച്ച ഒന്നിനെയും നിന്ദിക്കാതിരിക്കുക.

Email id: agape.magasine@gmail.com


അഗാപെ കൈയ്യെഴുത്തു മാസിക
Psalm 83
A song. A psalm of Asaph.
1 O God, do not keep silent;
be not quiet, O God, be not still.
2 See how your enemies are astir,
how your foes rear their
heads.
QUIZ
Email id: agape.magasine@gmail.com

# അഗാപെ കൈയ്യെഴുത്തു മാസിക

## ചോദ്യാവലി.

1. സർവ്വഭൂമിയിലെയും ഭാഷ യഹോവ കലക്കി കളഞ്ഞു. ഭാഷ കലക്കി കളകയാൽ ആ സ്ഥലത്തിന് ഒരു പേരുണ്ടായി. അതെന്ത്?

2. ബൈബിളിൽ ഒരു അദ്ധ്യായം മാത്രം ഉള്ള പുസ്തകം ഏത്? എത്രയെണ്ണം?

3. ഒരു പ്രവാചകന് ബേൽത്ത്ശസ്സർ എന്നൊരു പേര് കൂടി ഉണ്ട്. ആരാണ് പ്രവാചകൻ.?

ഉത്തരങ്ങൾ അയക്കേണ്ട വിലാസം:- agape.magasine@gmail.com

കഴിഞ്ഞ ലക്കത്തിലെ ചോദ്യത്തിന്റെ ഉത്തരങ്ങൾ.

1. യേശുവിനെ അപ്പോസ്തലൻ എന്നു പറഞ്ഞിരിക്കുന്ന വേദഭാഗം.
എബ്രായർ: 3:1
2. നൂന്റെ മകനായ യോശുവയുടെ ആദ്യത്തെ പേര്?
ഹോശേയ. സംഖ്യാപുസ്തകം. 13:8
3. മോശെയുടെ പിതാവിന്റെ പേര്?
അമ്രാം 1. ദിനവൃത്താന്തം 6:3.

ശരിയുത്തരങ്ങൾ അയച്ചവർ.

1. മനോരാജ്. ദുബായ്.
2. ഷീനാ മനോരാജ്. ദുബായ്
3. നിർമ്മൽ [illegible]. ദുബായ്